# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 08.10.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. സിനിമാ മേഖലയിൽ സ്ത്രീ കേന്ദ്രീകൃത വികസനം ഉറപ്പുവരുത്തണമെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു. 2022ലെ ദേശീയ ചലചിത്ര പുരസ്കാരങ്ങൾ രാഷ്ട്രപതി ന്യൂഡൽഹിയിൽ സമ്മാനിച്ചു.
   **Droupadi Murmu said that women-centric development should be ensured in the film industry. The President presented the National Film Awards 2022 in New Delhi.**
2. നിയമസഭാ തെരഞ്ഞെടുപ്പ് നടന്ന ജമ്മുകശ്മീരിൽ ഭരണം ഉറപ്പിച്ച് നാഷണൽ കോൺഫറൻസ് - കോൺഗ്രസ് സഖ്യം. ഹരിയാനയിൽ വ്യക്തമായ ഭൂരിപക്ഷത്തോടെ ബി.ജെ.പി അധികാരത്തിലേക്ക്.
   **The National Conference-Congress alliance secured the rule in Jammu and Kashmir where the assembly elections were held. BJP comes power with clear majority in Haryana.**
3. എ ഡി ജി പി, എം ആർ അജിത് കുമാറുമായി ബന്ധപ്പെട്ട വിവാദങ്ങളിൽ പ്രതിപക്ഷം കൊണ്ടു വന്ന അടിയന്തര പ്രമേയം കേരള നിയമസഭ ഇന്ന് ചർച്ച ചെയ്തു.
   **The Kerala Legislative Assembly today discussed the adjournment motion brought by the opposition in the controversies related to ADGP and MR Ajith Kumar.**
4. ഭൗതിക ശാസ്ത്രത്തിനുള്ള നൊബേൽ സമ്മാനം പ്രഖ്യാപിച്ചു. ജോൺ എച്ച് ഹോപ്ഫീൽഡ്, ജഫ്റി ഇ ഹിൻറൺ എന്നിവർക്ക് അവാർഡ് .
   **Nobel Prize in Physics Awarded to John H. Hopfield and Geoffrey E. Hinton.**
5. ഐസിസി വനിതാ ടി-20 ലോകകപ്പിൽ ഇന്ന് ഓസ്ട്രേലിയ ന്യൂസിലൻഡ് പോരാട്ടം
   **In ICC Women's T20 cricket Worldcup Australia and NewZealand to face each other today.**

&&&&&&&&&&&&

## HEAD LINE – 1

## NATIONAL FILM AWARDS(INTRO)

2022ലെ ദേശീയ ചലചിത്ര പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമ്മു ന്യൂഡൽഹിയിൽ സമ്മാനിച്ചു. ലോകത്തെ ഏറ്റവും വലിയ ചലച്ചിത്ര മേഖലകളിൽ ഒന്നാണ് ഇന്ത്യൻ ചലചിത്ര മേഖലയെന്ന് രാഷ്ട്രപതി പറഞ്ഞു. സിനിമാ മേഖലയിൽ സ്ത്രീ പങ്കാളിത്തം, സ്ത്രീ കേന്ദ്രീകൃത വികസനങ്ങൾ എന്നിവ ഉണ്ടാകണമെന്നും രാഷ്ട്രപതി അഭിപ്രായപ്പെട്ടു.

**(ഹോൾഡ് വോയ്സ്.....)**

വിഖ്യാത നടൻ മിഥുൻ ചക്രവർത്തിക്ക് ചലച്ചിത്ര മേഖലയിലെ പരമോന്നത ബഹുമതിയായ ദാദാസാഹിബ് ഫാൽകെ പുരസ്ക്കാരം സമ്മാനിച്ചു. മികച്ച നടനുള്ള പുരസ്ക്കാരം ഋഷഭ് ഷെട്ടി ഏറ്റുവാങ്ങി. മികച്ച നടിക്കുള്ള പുരസ്കാരം നിത്യ മേനനും മാനസി പരേഖിനും സമ്മാനിച്ചു. മികച്ച ബാലതാരത്തിനുള്ള പുരസ്കാരം മലയാളിയായ ശ്രീപത് പി.കെ ഏറ്റുവാങ്ങി. മികച്ച ഫീച്ചർ ഫിലിമിനുള്ള പുരസ്കാരം മലയാള ചിത്രം ആട്ടത്തിന് ലഭിച്ചു. കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രി അശ്വനി വൈഷ്ണവ്, സഹമന്ത്രി എൽ മുരുകൻ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

&&&&&&&&&&&&

## HEAD LINE – 2

## HARIYANA – J&K ELECTION

ഹരിയാന നിയമസഭാ തെരഞ്ഞെടുപ്പ് ഫലം പുറത്തു വരുമ്പോൾ 90 സീറ്റുകളിൽ 48 സീറ്റിൽ ബിജെപിയും 37 സീറ്റിൽ കോൺഗ്രസും ജയിച്ചു. രണ്ടിടത്ത് ഇന്ത്യൻ നാഷണൽ ലോക് ദളും മൂന്നിടത്ത് സ്വതന്ത്രരും ജയിച്ചു. ജമ്മുകശ്മീരിൽ 90 നിയമസഭാ സീറ്റിലെയും വോട്ടെണ്ണൽ പൂർത്തിയായപ്പോൾ വ്യക്തമായ ഭൂരിപക്ഷത്തോടെ നാഷണൽ കോൺഫറൻസ് - കോൺഗ്രസ് സഖ്യം ഭരണം ഉറപ്പിച്ചു. നാഷണൽ കോൺഫറൻസ് പാർട്ടിക്ക് 42 സീറ്റും കോൺഗ്രസിന് 6 സീറ്റും ലഭിച്ചപ്പോൾ ബിജെപി 29 സീറ്റിലേക്ക് ചുരുങ്ങി.

&&&&&&&&&&&&

## ELECTION– REACTION

ഹരിയാന- ജമ്മുകശ്മീർ നിയമസഭാ തിരഞ്ഞെടുപ്പുകളിൽ ബിജെപിക്ക് വോട്ട് രേഖപ്പെടുത്തിയവർക്ക് നന്ദി അറിയിക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്ര മോദി സമൂഹമാധ്യമത്തിൽ കുറിച്ചു. ജമ്മുകശ്മീരിലെ ജനങ്ങളോടുള്ള പ്രതിബദ്ധത കാത്തുസൂക്ഷിക്കുമെന്ന് മുതിർന്ന കോൺഗ്രസ് നേതാവ് ജയറാം രമേശ് പറഞ്ഞു.

&&&&&&&&&&&&

## PM-PASWAN DEATH ANNIVERSARY

മുൻ കേന്ദ്രമന്ത്രി രാംവിലാസ് പാസ്വാൻറെ ചരമ വാർഷിക ദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി അദ്ദേഹത്തിന് ശ്രദ്ധാഞ്ജലി അർപ്പിച്ചു. പാവപ്പെട്ടവരെ ശാക്തീകരിക്കുന്നതിനും വികസിതമായ ഇന്ത്യ കെട്ടിപ്പടുക്കുന്നതിനും ജീവിതം നീക്കിവയ്ച്ച നേതാവായിരുന്നു പാസ്വാനെന്നും പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു. രാംവിലാസ് പസ്വാനോടൊപ്പം പ്രവർത്തിക്കാൻ സാധിച്ച് ഭാഗ്യമായി കരുതുന്നതായും പ്രധാനമന്ത്രി പറഞ്ഞു.

&&&&&&&&&&&&

## MUIZZU - TAJ MAHAL VISIT

ഇന്ത്യ സന്ദർശനം തുടരുന്ന മാൽദീവ്സ് പ്രസിഡൻ്റ് മുഹമ്മദ് മുയിസുവും പത്നി സാജിദ മുഹമ്മദും ഇന്ന് താജ്മഹൽ സന്ദർശിച്ചു. ആഗ്ര വിമാനത്താവളത്തിൽ എത്തിയ മാൽദീവ്സ് പ്രസിഡന്റിനെ ഉത്തർപ്രദേശ് മന്ത്രി യോഗേന്ദ്ര ഉപാധ്യായ് സ്വീകരിച്ചു. സന്ദർശനത്തോട് അനുബന്ധിച്ച് താജ്മഹലിൽ പൊതുജനങ്ങൾക്ക് രണ്ട് മണിക്കൂർ പ്രവേശനം അനുവദിച്ചിരുന്നില്ല. ഇന്ന് മുംബൈയിലും നാളെ ബെംഗളൂരുവിലും സന്ദർശനം നടത്തുന്ന മാൽദീവ്സ് പ്രസിഡൻ്റ് വ്യാഴാഴ്ച മടങ്ങും.

&&&&&&&&&&&&

## PM – ASEAN

21-ാമത് ആസിയാൻ- ഇന്ത്യ ഉച്ചകോടിയിലും 19-ാമത് ഈസ്റ്റ് ഏഷ്യ ഉച്ചകോടിയിലും പങ്കെടുക്കുന്നതിനായി പ്രധാനമന്ത്രി നരേന്ദ്ര മോദി മറ്റന്നാൾ ലാവോസിലെത്തും. ലാവോസ് പ്രധാനമന്ത്രി സോനക്സി സിഫറ്റോണിൻറെ ക്ഷണ പ്രകാരമാണ് പ്രധാനമന്ത്രി രണ്ട് ദിവസത്തെ സന്ദർശനത്തിനായി ലാവോസിൽ എത്തുന്നത്. ഇന്ത്യ ആസിയാൻ ബന്ധത്തിലെ പുരോഗതി, ഭാവി സഹകരണം എന്നിവ ഉച്ചകോടി വിലയിരുത്തും. പ്രാദേശിക പ്രശ്നങ്ങൾ സംബന്ധിച്ചും അംഗരാജ്യങ്ങൾ ചർച്ചകൾ നടത്തും. ഇന്ത്യയുടെ കിഴക്കൻ നയത്തിലും സാഗർ കാഴ്ചപ്പാടുകളിലും ആസിയാൻ അംഗരാജ്യങ്ങൾക്ക് നിർണായക സ്ഥാനമാണ് ഉള്ളത്.

&&&&&&&&&&&&

## HEAD LINE – 3

## ASSEMBLY

എ ഡി ജി പി, എം ആർ അജിത് കുമാറുമായി ബന്ധപ്പെട്ട വിവാദങ്ങളിൽ പ്രതിപക്ഷം കൊണ്ടു വന്ന അടിയന്തര പ്രമേയം നിയമസഭ ഇന്ന് ചർച്ച ചെയ്തു. സർക്കാരിനെതിരെ അതിരൂക്ഷ വിമർശനമാണ് ചർച്ചയിൽ ഉടനീളം പ്രതിപക്ഷം ഉന്നയിച്ചത്. പ്രതിപക്ഷത്ത് നിന്നും എൻ ഷംസുദീനാണ് അടിയന്തര പ്രമേയ ചർച്ചകൾക്ക് തുടക്കം കുറിച്ചത്. എ ഡി ജി പി - ആർ എസ് എസ് നേതാവുമായി കൂടിക്കാഴ്ച നടത്തിയ സംഭവത്തിൽ 16 മാസത്തിന് ശേഷമാണ് അന്വേഷണത്തിന് സർക്കാർ തയ്യാറായതെന്ന് പ്രതിപക്ഷനേതാവ് വി.ഡി സതീശൻ പറഞ്ഞു. മുഖ്യമന്ത്രി ആരോഗ്യ കാരണങ്ങളാൽ വിശ്രമത്തിൽ ആയിരുന്നതിനാൽ മന്ത്രി എം.ബി. രാജേഷാണ് മറുപടി നൽകിയത്. എ ഡി ജി പിക്കെതിരെയുള്ള അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ഏറ്റവും ഉചിതമായ നടപടി സ്വീകരിച്ചതയി ശ്രീ എം ബി രാജേഷ് പറഞ്ഞു. മന്ത്രിയുടെ മറുപടിയെ തുടർന്ന് പ്രതിപക്ഷം നിയമസഭയിൽ നിന്ന് ഇറങ്ങി പോയി. ചർച്ചക്കൊടുവിൽ പ്രമേയം തള്ളിയതായി സ്പീക്കർ അറിയിച്ചു.

&&&&&&&&&&&&

## ASSEMBLY-WAYANAD

വയനാട് ഉരുൾപൊട്ടൽ ബാധിത പ്രദേശങ്ങളിൽ സംസ്ഥാനം നടത്തിയ രക്ഷാ -ദുരിതാശ്വാസ പ്രവർത്തനങ്ങൾ രാജ്യത്തിനു തന്നെ മാതൃകയാണെന്ന് റവന്യു മന്ത്രി കെ രാജൻ. വയനാട്ടിൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് നിയമസഭയിൽ ചട്ടം 300 പ്രകാരം മുഖ്യമന്ത്രിക്ക് വേണ്ടി പ്രസ്താവന നടത്തുകയായിരുന്നു അദ്ദേഹം. ദുരന്ത ബാധിത പ്രദേശങ്ങളെ പൂർവ സ്ഥിതിയിൽ ആക്കുന്നതിനും സമഗ്ര പുനരാധിവാസത്തിനുമാണ് സർക്കാർ ഊന്നൽ നൽകുന്നതെന്ന് മന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&

## RAJNATH- GERMAN DEFENCE MINISTER

രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് ജർമ്മൻ ഫെഡറൽ പ്രതിരോധ മന്ത്രി ബോറിസ് പിസ്റ്റോറിയസുമായി ടെലിഫോൺ സംഭാഷണം നടത്തി. വ്യോമ, നാവിക മേഖലകളിലെ പ്രതിരോധ സഹകരണം അവലോകനം ചെയ്തു. പ്രതിരോധ വ്യാവസായിക സഹകരണം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും വിതരണ ശൃംഖലയുടെ പുനരുജ്ജീവനത്തിനുമുള്ള മാർഗങ്ങളും ഇരു നേതാക്കളും ചർച്ച ചെയ്തു.

&&&&&&&&&&&&

## PM- AIR FORCE DAY (INTRO)

ഇന്ന് വ്യോമസേനാ ദിനം. ഇന്ത്യൻ വ്യോമസേനയുടെ 92 ആം വാർഷിക ദിനത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു, പ്രധാനമന്ത്രി നരേന്ദ്രമോദി, രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിങ്ങ് ഉൾപ്പെടെയുള്ള പ്രമുഖ നേതാക്കൾ ആശംസകൾ നേർന്നു. ധീരതയുടെയും, ശൗര്യത്തിൻറെയും പ്രതീകമാണ് ഇന്ത്യൻ വ്യോമസേനയെന്നും, രാജ്യത്തെ കാത്തുസൂക്ഷിക്കുന്നതിൽ സേന സദാ ജാഗ്രത പുലർത്തുന്നതായും രാഷ്ട്രപതി ആശംസാ സന്ദേശത്തിൽ പറഞ്ഞു. വ്യോമസേനയുടെ ധൈര്യവും അർപ്പണബോധവും

പ്രശംസനീയമാണെന്നും, രാജ്യസുരക്ഷയിൽ സേനയുടെ പങ്ക് ഏറെ വലുതാണെന്നും പ്രധാനമന്ത്രി പറഞ്ഞു.
(പ്രധാനമന്ത്രി വോയിസ്)

&&&&&&&&&&&&

## INDIAN AIR FORCE DAY

ഇന്ത്യൻ വ്യോമസേനയുടെ 92 -ആം വാർഷികാഘോഷം തമിഴ്നാട്ടിലെ താമ്പരം വ്യോമ താവളത്തിൽ വിപുലമായി സംഘടിപ്പിച്ചു. വ്യോമ സേന മേധാവി  അനിൽ ചൗഹാൻ പതാക ഉയർത്തി. ചീഫ് ഓഫ് എയർ സ്റ്റാഫ്  എ പി സിംഗ് പരേഡിൽ നിന്നും  അഭിവാദ്യം സ്വീകരിച്ചു  .ആഘോഷങ്ങളുടെ ഭാഗമായി പ്രത്യേക പരേഡും സൂര്യ കിരണിൻ്റെയും തരംഗിൻ്റെയും പ്രകടനങ്ങളും നടന്നു.

&&&&&&&&&&&&

## VAYU VEER VIJETA RALLY

ഇന്ത്യൻ വ്യോമസേനയുടെ  മെഗാ 'വായു വീർ വിജേത' കാർ റാലിക്ക്, ലഡാക്കിലെ തോയിസിൽ ഇന്ന് തുടക്കം. സേനയുടെ  വാർഷികത്തോടനുബന്ധിച്ചാണ്  ഏഴായിരം കിലോമീറ്റർ ദൈർഘ്യമുള്ള കാർ റാലി സംഘടിപ്പിക്കുന്നത്.  ഈ മാസം 29-ന് അരുണാചൽ പ്രദേശിലെ തവാങ്ങിലാണ് റാലി സമാപിക്കുക. റാലിക്ക് ഈ മാസം ഒന്നിന് ന്യൂഡൽഹിയിൽ രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ്  ഊഷ്മളമായ യാത്രയയപ്പ് നൽകിയിരുന്നു. കേന്ദ്രസഹമന്ത്രി ഹർഷ് മൽഹോത്ര കാർ റാലിയിൽ പങ്കെടുക്കുന്നുണ്ട്.

&&&&&&&&&&&&

## HEAD LINE – 4

## NOBEL PRIZE  -  PHYSICS

ഈ വർഷത്തെ ഭൗതിക ശാസ്ത്രത്തിനുള്ള നൊബേൽ സമ്മാനം പ്രഖ്യാപിച്ചു. ജോൺ എച്ച് ഹോപ്ഫീൽഡ്, ജഫ്റി ഇ ഹിൻറൺ എന്നിവർ അവാർഡ് പങ്കിട്ടു. കൃത്രിമ ന്യൂറൽ നെറ്റ് വർക്കുകളിലൂടെ മെഷീൻ ലേണിംഗ് പ്രാപ്തമാക്കുന്ന അടിസ്ഥാന

കണ്ടെത്തലുകൾക്കാണ് പുരസ്കാരം. മെഷീൻ ലേണിങ്ങിൻറെ അടിസ്ഥാനം ഇവരുടെ കണ്ടുപിടിത്തത്തിൽ നിന്നായിരുന്നു.

&&&&&&&&&&&&

## BUS ACCIDENT - KOZHIKODE

കോഴിക്കോട് തിരുവമ്പാടി ആനക്കാംപൊയിൽ റോഡിൽ കാളിയാംപുഴ പാലത്തിന് സമീപം കെ എസ് ആർ ടി സി ബസ് താഴ്ചയിലേക്ക് മറിഞ്ഞ് രണ്ട് യാത്രക്കാർ മരിച്ചു. 25 ലേറെ പേർക്ക് അപകടത്തിൽ പരിക്കേറ്റിട്ടുണ്ട്. ആനക്കാംപൊയിൽ സ്വദേശികളായ ത്രേസ്യ, കമല എന്നിവരാണ് മരിച്ചത്. 3 പേരുടെ നില ഗുരുതരമാണ്. 50-ഓളം യാത്രക്കാർ ബസിലുണ്ടായിരുന്നു. സംഭവത്തിൽ പോലീസ് അന്വേഷണം ആരംഭിച്ചു.

&&&&&&&&&&&&

## HEAD LINE – 5

## ICC WOMEN CRICKET

ഐസിസി വനിതാ ടി-20 ലോകകപ്പിന്റെ ഇന്നത്തെ മത്സരത്തിൽ ടോസ് നേടിയ ഓസ്ട്രേലിയ ന്യൂസിലൻഡിനെതിരെ ബാറ്റിംഗ് തെരഞ്ഞെടുത്തു. ഷാർജയിലാണ് മത്സരം.

&&&&&&&&&&&&

## INDIA-BANGLADESH T20

ഇന്ത്യ-ബംഗ്ലാദേശ് ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം ടി20 മത്സരം നാളെ. ന്യൂഡൽഹി അരുൺ ജെയ്റ്റ്ലി സ്റ്റേഡിയത്തിൽ വൈകുന്നേരം 7 മണിക്കാണ് മത്സരം. ഞായറാഴ്ച നടന്ന ആദ്യ മത്സരത്തിൽ ഇന്ത്യ 7 വിക്കറ്റിന് ബംഗ്ലാദേശിനെ പരാജയപ്പെടുത്തിയിരുന്നു.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&